<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2441</u> <u>12-10-2021 - ൽ മറുപടിയ്ക്ക്</u>

<u>പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ഡോ. എം.കെ . മുനീർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പോക്സോ കേസ്സുകളിലടക്കം വിചാരണ കോടതികളിൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് വീഴ്ചയുണ്ടാകുന്നതിൽ ഹൈക്കോടതി ഉൽകണ്ഠ രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പോക്സോ അടക്കമുള്ള പ്രോസിക്യൂട്ടർമാരുടെ നിയമനം സംബന്ധിച്ച് 2016 ജൂൺ മാസത്തിൽ കീഴ്ക്കോടതി വിധി പറഞ്ഞ പോക്സോ കേസ് പരാമർശിച്ച് ബഹു. ഹൈക്കോടതി 23/09/2021 തീയതിയിലെ ഉത്തരവ് പ്രകാരം സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് കോടതിയെ അറിയിക്കുന്നതിനായി സ്വമേധയാ ഒരു കേസ് എടുത്തിട്ടുണ്ട്. ഈ സർക്കാരിന്റെയോ മുൻ സർക്കാരിന്റെയോ കാലഘട്ടത്തിൽ നിയമിച്ച പോക്സോ പ്രോസിക്യൂട്ടറല്ല ആ കേസ്സിൽ ഹാജരായിരുന്നത്. |
| (ബി) | നിലവിൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുമ്പോൾ കഴിവിന് പകരം രാഷ്ട്രീയ താല്പര്യത്തിന് മുൻതൂക്കം നൽകുന്നതായി കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഹൈക്കോടതിയിലെയും ജില്ലാ കോടതികളിലെയും മറ്റ് കീഴ്ക്കോടതികളിലെയും സർക്കാർ അഭിഭാഷകരുടെ നിയമനങ്ങൾ 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങൾ പ്രകാരമുള്ള യോഗ്യതകളുടെയും 09/08/2019 തീയതി യിലെ സ.ഉ.(കൈ) 68/2019/നിയമം നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് നടത്തുന്നത്. പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ ക്രിമിനൽ നടപടിക്രമത്തിലെ മാനദണ്ഡങ്ങളും 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയാണ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ Special Rules for the Post of Director of Prosecution (Administration), Deputy Director of Prosecution and Senior Assistant Public |

| | | | |
|---|---|---|---|
| | | | Prosecutor, Assistant Public Prosecutor (Senior Grade), Assistant Public Prosecutor Grade I and Assistant Public Prosecutor Grade II, 2018-ൽ പ്രതിപാദിക്കുന്ന യോഗ്യതകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് നടത്തുന്നത്. |
| (സി) | യഥാർഥ പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ രീതിയിൽ കേസ്സുകൾ കൈകാര്യം ചെയ്യാൻ കഴിവും പ്രാപ്തിയും ഉള്ളവരെ പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (സി) | ഹൈക്കോടതിയിലെയും ജില്ലാ കോടതികളിലെയും മറ്റ് കീഴ്ക്കോടതികളിലെയും സർക്കാർ അഭിഭാഷകരുടെ നിയമനങ്ങൾ 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങൾ പ്രകാരമുള്ള യോഗ്യതകളുടെയും 09/08/2019 തീയതി യിലെ സ.ഉ.(കൈ) 68/2019/നിയമം നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് നടത്തുന്നത്. പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ ക്രിമിനൽ നടപടിക്രമത്തിലെ മാനദണ്ഡങ്ങളും 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയാണ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ Special Rules for the Post of Director of Prosecution (Administration), Deputy Director of Prosecution and Senior Assistant Public Prosecutor, Assistant Public Prosecutor (Senior Grade), Assistant Public Prosecutor Grade I and Assistant Public Prosecutor Grade II, 2018-ൽ പ്രതിപാദിക്കുന്ന യോഗ്യതകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ